**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 559** **23-07-2021 - ൽ മറുപടിയ്ക്ക്**

**ക്യാമ്പുകളിൽ കഴിയുന്ന തീരദേശവാസികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ തീരപ്രദേശത്ത് ടൗട്ടേ, യാസ് എന്നീ ചുഴലിക്കാറ്റുകൾ മൂലമുണ്ടായ കടൽ ക്ഷോഭത്തിൽ ആയിരത്തിലേറെ കുടുംബങ്ങൾ വീടുകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റിയ സർക്കാർ സ്കൂളുകളിലും മറ്റ് ക്യാമ്പുകളിലും കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് കൊറോണ വൈറസിന്റെ തീവ്രത കുറയാത്ത സാഹചര്യത്തിലും കോവിഡ് മൂന്നാം തരംഗം കേരളത്തെ രൂക്ഷമായി ബാധിക്കുമെന്ന് ആരോഗ്യ വിദഗ്ധർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും ഇത്തരം ക്യാമ്പുകളിൽ ഒരു മുറിയിൽ ഒന്നിലേറെ കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്നത് കൊറോണ വ്യാപനം അതിരൂക്ഷമാക്കാനുള്ള സാധ്യതയുണ്ടെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 3000 ത്തോളം മത്സ്യത്തൊഴിലാളികളെ ടൗട്ടേ, യാസ് ചുഴലിക്കാറ്റിനെ തുടർ വിവിധ ജില്ലകളിൽ റിലീഫ് ക്യാമ്പുകളിലേക്ക് മാറ്റിയിരുന്നു. ക്യാമ്പുകളിൽ കോവിഡ് വ്യാപനം ഒഴിവാക്കുന്നതിന് റവന്യൂ വകുപ്പ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവ മുഖേന മുൻകരുതൽ സ്വീകരിച്ചിരുന്നു. നിലവിൽ ചില ജില്ലകളിൽ പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ വളരെ കുറച്ച് ആൾക്കാർ മാത്രമാണ് താമസിക്കുന്നത്. ബാക്കിയുള്ളവർ ചുഴലിക്കാറ്റിന്റെ തീവ്രത കുറഞ്ഞപ്പോൾ അവരവരുടെ വീടുകളിലേക്ക് തിരികെ പോയിട്ടുണ്ട്. കോവിഡ് - 19 ന്റെ രണ്ടാം തരംഗത്തിന്റെയും ടൌട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾക്ക് നല്കിയ കിറ്റിൽ മാസ്ക്, സാനിസൈറ്റർ എന്നിവ ഉൾപ്പെടുത്തിയിരുന്നു. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കു കോവിഡു വാക്സിനേഷൻ നല്കുന്നതിന് മുൻഗണന നല്കുന്നതിനും ആവശ്യമായ അവബോധം ഉണ്ടാക്കുന്നതിനും ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ വീടുകൾ പൂർണമായും നഷ്ടപ്പെട്ട് | (സി) | വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് |

| | | | |
|---|---|---|---|
| | ക്യാമ്പുകളിൽ കഴിയുന്നവരെയും ഭാഗികമായി തകർന്ന് താമസയോഗ്യമല്ലാതായ വീടുകളിൽ കഴിയുന്നവരെയും പ്രതിമാസം പതിനായിരം രൂപ നിരക്കിൽ മുൻകൂർ വാടക നൽകി വാടക വീടുകളിലേക്ക് അടിയന്തരമായി മാറ്റി പുനരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ? | | നഷ്ടപരിഹാരം നല്കുന്നത്. എന്നിരുന്നാലും തീരദേശ മേഖലയിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുമായ എല്ലാ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനു 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ